**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1087** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>പാലക്കാട് ജില്ലയിലെ പട്ടയ വിതരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. പ്രേംകുമാർ

ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** പാലക്കാട് ജില്ലയിൽ പട്ടയത്തിനായി അപേക്ഷ സമർപ്പിച്ചവർക്ക് കൃത്യമായി പട്ടയ വിതരണം നടത്തുന്നുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** പാലക്കാട് ജില്ലയിൽ പട്ടയത്തിനായി അപേക്ഷ സമർപ്പിച്ചവരിൽ അർഹരായവർക്ക് സമയബന്ധിതമായി പട്ടയം അനുവദിച്ച് വരുന്നുണ്ട്.

**(ബി)** പട്ടയത്തിന് അപേക്ഷിച്ച ഭൂമിക്ക് കേസുകൾ പോലുള്ള മറ്റ് പ്രശ്നങ്ങൾ ഒന്നും ഇല്ലെങ്കിൽ നിലവിൽ പട്ടയം അനുവദിക്കുന്നതിന് എത്ര സമയം എടുക്കും; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കേരള ഭൂപരിഷ്കരണ നിയമം, 1963 വകുപ്പ് 72 എഫ് പ്രകാരം ഫോറം ഡി & ഇ നോട്ടീസുകൾ നൽകിയതിനുശേഷം ഭൂവുടമകൾക്ക് ആക്ഷേപം ബോധിപ്പിക്കുവാൻ അവസരം നൽകുകയും തുടർന്ന് കുടിയായ്മ തെളിയിക്കുന്നതിന് ആവശ്യമായ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് അവ പരിശോധിച്ച് അർഹരായവർക്ക് കാലതാമസം കൂടാതെ പട്ടയം അനുവദിച്ചു വരുന്നു.

**(സി)** പാലക്കാട് ജില്ലയിൽ കോങ്ങാട്-I വില്ലേജിൽ ഉള്ള ശ്രീ. ബാലകൃഷ്ണൻ മുതൽ പേർ എന്ന വിലാസത്തിൽ പട്ടയത്തിനായി അപേക്ഷിച്ച എസ്.എം. 145/23 എന്ന നമ്പരിൽ രജിസ്റ്റർ ചെയ്ത അപേക്ഷയിൽ പട്ടയം അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് കക്ഷികൾക്ക് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് ഇത്രയും കാലതാമസം വരുന്നു; വിശദവിവരങ്ങൾ വ്യക്തമാക്കാമോ?

**<u>മറുപടി:</u>** എസ്.എം. 145/2023 എന്ന നമ്പർ പ്രകാരം രജിസ്റ്റർ ചെയ്ത അപേക്ഷയിൽ ആവശ്യമായ രേഖകൾ ഹാജരാക്കുന്നതിനും കക്ഷിയെ നേരിൽ കേൾക്കുന്നതിനും നോട്ടീസ് നൽകിയിട്ടുണ്ട് രേഖകൾ സമർപ്പിക്കുന്ന മുറയ്ക്ക് പട്ടയം അനുവദിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**